**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 345** | **18-03-2025 - ൽ മറുപടിയ്ക്ക്**

**വിജ്ഞാന വ്യവസായത്തിൽ കേരളത്തിന്റെ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഡിജിറ്റൽ ആഗോളവൽക്കരണ കാലഘട്ടത്തിൽ നവീകരണം തുടർച്ചയായ ശ്രദ്ധ അർഹിക്കുന്ന ഒരു പ്രധാന വിഷയമായി തുടരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരളത്തിലെ വ്യവസായ മേഖലയും ആഗോള വത്ക്കരണത്തിലൂടെ ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാണ്. കാലത്തിനൊപ്പം വ്യവസായ മേഖലയും നവീകരണത്തിന്റെ പാത സ്വീകരിച്ചു കഴിഞ്ഞു. സംരംഭകത്വവും വ്യാവസായിക വളർച്ചയും പ്രോത്സാഹിപ്പിക്കുന്നതിന് ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂന്നിയ അടിസ്ഥാന സൗകര്യങ്ങളും അത്യന്താപേക്ഷിതമാണ്.<br><br>വ്യവസായ വാണിജ്യ വകുപ്പിന്റെ കെ-സ്വിഫ്റ്റ് ഓൺലൈൻ പ്ലാറ്റ്ഫോം സുഗമമായ സംരംഭക പ്രവർത്തനത്തിന് വഴി കാട്ടിയായിരിക്കുന്നു. സംരംഭകർക്കുള്ള ലൈസൻസുകളും പെർമിറ്റുകളും സമയബന്ധിതമായി ഈ പ്ലാറ്റ്ഫോമിലൂടെ അനുവദിക്കുന്നതിനാൽ സങ്കീർണ്ണമായ നിയന്ത്രണങ്ങളിൽ കുരുങ്ങാതെ സംരംഭകർക്ക് അവരുടെ സംരംഭങ്ങൾ വളർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നു. ഇത് സംരംഭകരെ വിപണിയിലെ മാറ്റങ്ങളുമായി പൊരുത്തപ്പെടാനും ആഗോളതലത്തിൽ മത്സരിക്കാനും പ്രാപ്തമാക്കുന്നു. കൂടാതെ സുതാര്യവും കാര്യക്ഷമവുമായ പദ്ധതി നടത്തിപ്പിനായി 25 ഓൺലൈൻ പോർട്ടലുകളും വ്യവസായ വാണിജ്യ വകുപ്പ് രൂപകല്പന ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വാണിജ്യരംഗവും ഡിജിറ്റൽ യുഗത്തിലാണ്. കാലത്തിനൊപ്പം മാറ്റത്തിനൊപ്പം എന്ന ആശയത്തിലൂടെ നടപ്പിലാക്കുന്ന നവീകരണ പ്രവർത്തനങ്ങൾ കേരളത്തിലെ വ്യവസായ വാണിജ്യ മേഖലയെ പ്രധാന ശ്രദ്ധാകേന്ദ്രമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ലോകത്തെയാകെ ചലിപ്പിക്കാൻ കഴിയുന്ന ആശയങ്ങളുള്ള പുതിയ തലമുറ കേരളത്തിന് സ്വന്തമായുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>നവീന ആശയങ്ങളുള്ള പുതുതലമുറ കേരളത്തിനുണ്ട്. സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ, ഉയർന്ന സാക്ഷരത നിരക്ക് എന്നിവ യുവതയുടെ പരിവർത്തനത്തിന് ശക്തമായ അടിത്തറ നൽകുന്നു. കേരളത്തിൽ സ്റ്റാർട്ടപ്പ് മിഷനുകൾ രൂപവത്ക്കരിച്ചിട്ടുണ്ട്. കേരളത്തിലെ യുവ സംരംഭകരെ പിന്തുണയ്ക്കുന്നതിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ നിർണ്ണായക പങ്ക് വഹിക്കുന്നു. അവരുടെ പുതുപുത്തൻ ആശയങ്ങളെ വിജയകരമായ സംരംഭങ്ങളാക്കി മാറ്റാൻ സഹായിക്കുന്ന വിവിധ വിഭവങ്ങൾ സ്റ്റാർട്ടപ്പ് മിഷൻ വാഗ്ദാനം ചെയ്യുന്നു. പ്രാരംഭ ആശയം മുതൽ സംരംഭ വിപുലീകരണം വരെ സംരംഭകത്വത്തിന്റെ വിവിധ വശങ്ങൾ ഇത് നൽകുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൂമിയിൽ ക്യാമ്പസ് വ്യവസായ പാർക്കുകൾ എന്ന പുത്തൻ ആശയവും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. |
| (സി) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന വ്യവസായ ഇടനാഴി, വ്യവസായ പാർക്കുകൾ എന്നിവയിൽ വിജ്ഞാന വ്യവസായത്തിൽ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന വ്യവസായ ഇടനാഴി, വ്യവസായ പാർക്കുകൾ എന്നിവയിലൂടെ വിജ്ഞാന വ്യവസായത്തിൽ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വ്യവസായ വാണിജ്യ മേഖലയിലെ ചട്ടലവും സമഗ്രവുമായ പരിഷ്കരണങ്ങളിലൂടെ, കേരളം വിജ്ഞാന വ്യവസായത്തെ വളർത്തിയെടുക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യ/വിവര സാങ്കേതിക വിദ്യയിലൂന്നിയ സേവനങ്ങൾ, ഇലക്ട്രോണിക്സ് നിർമ്മാണം എന്നിവയെ പിന്തുണയ്ക്കുന്ന പ്രത്യേക പാർക്കുകളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിച്ചുകൊണ്ട്, വ്യവസായ വകുപ്പിലെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, KSIDC എന്നിവ ഈ രംഗത്ത് പ്രധാന പങ്ക് വഹിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ വന്നശേഷം വിജ്ഞാന വ്യവസായം ഉൾപ്പെടെയുള്ള വ്യവസായ നിക്ഷേപത്തിന്റെ കാര്യത്തിൽ നാളിതുവരെ ഉണ്ടാകാത്തവിധം വളർച്ചയുണ്ടായിട്ടുണ്ടോ; കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കാനായി സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തിയുള്ള പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ വന്നശേഷം വിജ്ഞാന വ്യവസായം ഉൾപ്പെടെയുള്ള വ്യവസായ നിക്ഷേപത്തിന്റെ കാര്യത്തിൽ നാളിതുവരെ ഉണ്ടാകാത്തവിധം വളർച്ചയുണ്ടായിട്ടുണ്ട്. കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കാനായി സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തിയുള്ള പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമേഖല സ്ഥാപനങ്ങളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും കീഴിലുള്ള അധിക ഭൂമി പ്രയോജനപ്പെടുത്തുന്നതിലേക്കായി കിൻഫ്രയും കെ.എസ്.ഐ.ഡി.സി യും സംയുക്തമായി 28 സ്ഥലങ്ങൾ സന്ദർശിച്ച് പരിശോധന നടത്തി. ഇതിൽ 9 എണ്ണം വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ഉചിതമാണെന്ന് കണ്ടെത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ